# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 513 30.06.2016-ൽ മറുപടിയ്ക്ക്

## ഇ-ഗ്രാന്റ്സ് പദ്ധതിയുടെ നടപടിക്രമങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.സി.കൃഷ്ണൻ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഇ-ഗ്രാന്റ്സ് പദ്ധതിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | അവലോകനം നടത്തിയിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ/പട്ടികജാതി, പിന്നോക്ക സമുദായങ്ങളിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരമുള്ള സഹായധനം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ നിർദ്ധനരായ പിന്നോക്കവിഭാഗ വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട പണം ലഭിക്കാതെ പോയതിന്റെ കാരണം അറിയിക്കാമോ; ഉദ്ദേശം 164 കോടി രൂപ ഇത്തരത്തിൽ ലഭിക്കാതെ പോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുത്തരവാദികൾ ആരൊക്കെയാണ്; അവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പിന്നോക്ക വിഭാഗങ്ങളുടെയും, OEC വിഭാഗങ്ങളുടേയും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിൽ കുടിശ്ശിക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും ഫീസ് നിരക്കിലുണ്ടായ വർദ്ധനവും, 30 സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാനപരിധിയ്ക്ക് വിധേയമായി, ഒ.ഇ.സി നിരക്കിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചതും ഫണ്ടിന്റെ ലഭ്യതക്കുറവും നിർധനരായ പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള അർഹതപ്പെട്ട വിദ്യാഭ്യാസാനുകൂല്യം കുടിശ്ശികയാകുന്നതിന് കാരണമായി. നിലവിലുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 70/- കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം പരിഗണനയിലാണ്. സി-ഡിറ്റുമായി സഹകരിച്ച് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ